"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-ഡി5/01/2024/ഡി ജി ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 06-09-2024

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം-പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നീ സമാന തസ്തികകളിലേക്ക് 2024-25 അദ്ധ്യയന വർഷത്തേക്കുള്ള സ്ഥലംമാറ്റത്തിന്റെ ഹയർ ഓപ്ഷൻ (1) അനുവദിക്കുന്നത് -സംബന്ധിച്ച്

പരാമർശം :-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2.04.2024 തീയതിയിലെ ഡി5/1/2024/ഡിജിഇ നമ്പർ സർക്കുലർ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.06.2024 തീയതിയിലെ ഡി5/1/2024/ഡിജിഇ നമ്പർ ഉത്തരവ്
3. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 19.06.2024 തീയതിയിലെ സ.ഉ.(സാധാ) നം.3889/24/പൊ.വി.വ. ഉത്തരവ്.
4. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 03/07/2024 തീയതിയിലെ സ.ഉ.(സാധാ) നം.4180/24/പൊ.വി.വ. ഉത്തരവ്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.08.2024 തീയതിയിലെ ഡി5/9101/2024/ഡിജിഇ നമ്പർ ഉത്തരവ്

*****

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള 2024-25 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവ് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. നിലവിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ നിന്നും പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നും, പരാമർശം (5) പ്രകാരം ടി ടി ഐ യിലെ എൻ സി റ്റി ഇ മാനദണ്ഡ പ്രകാരം യോഗ്യതയില്ലാതെ പ്രിൻസിപ്പൽ തസ്തികയിൽ തുടർന്നിരുന്ന ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയതിനെ തുടർന്നും സംസ്ഥാനത്ത് HM/AEO/TTI പ്രിൻസിപ്പൽ തസ്തികകളിൽ ഒഴിവുകൾ സംജാതമായിട്ടുണ്ട്. 2024-25 അധ്യയന വർഷത്തിൽ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിച്ചവരിൽ ഒന്നാം ഓപ്ഷൻ ലഭിച്ചവർ ഒഴികെ മറ്റുള്ളവർക്ക് ഹയർ ഓപ്ഷൻ അനുവദിക്കുന്നതിനുള്ള അവസരം നൽകുകയാണ്. ഹയർ ഓപ്ഷൻ ലഭിക്കുന്നതിന് താൽപ്പര്യമുള്ളവർ അവരുടെ യൂസർ നെയിം, പാസ് വേഡ് എന്നിവ ഉപയോഗിച്ച് tandp.kite.kerala.gov.in എന്ന വെബ് സൈറ്റിൽ കയറി ലോഗിൻ ചെയ്തതിന് ശേഷം 'യെസ് ബട്ടൺ' സെലക്ട് ചെയ്യേണ്ടതാണ്. നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകൾ ഒരു കാരണവശാലും മാറ്റംവരുത്തുവാൻ അനുവദിക്കുന്നതല്ല (പാസ്സ്‌വേർഡ് ആവശ്യമെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തിരം ശേഖരിക്കേണ്ടതാണ് ).

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും പരാമർശം (2),(3),(4)(,5) പ്രകാരമുള്ള

ഉത്തരവുകളുടെ തീയതിക്ക് ശേഷം വന്നിട്ടുള്ള മരണം, വി ആർ എസ്, സ്ഥാനകയറ്റം, സ്ഥലംമാറ്റം എന്നിവ പ്രകാരം നിലവിൽ വന്ന ഒഴിവുകൾ **09.09.2024 മുതൽ 10.09.2024** തീയതിക്കുള്ളിൽ തന്നെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇതിനു ശേഷം പ്രധാനാദ്ധ്യാപകർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസമാർക്കും **11/09/2024** മുതൽ ഓൺലൈൻ മുഖേന ഹയർ ഓപ്ഷൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഹയർ ഓപ്ഷൻ നൽകേണ്ട അവസാന തീയതി **18/09/2024 വൈകുന്നേരം 5 മണി** വരെയാണ്. 18/09/2024 വൈകുന്നേരം 5 മണിയ്ക്ക് ശേഷം വരുന്ന ഹയർ ഓപ്ഷൻ അപേക്ഷകൾ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

ഒഴിവുകൾ അപ് ലോഡ് ചെയ്യുമ്പോൾ ഒഴിവുകളുടെ കൃത്യത വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്. സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭ്യമായ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിലവിലെ തസ്തികകളിൽ നിന്നും വിടുതൽ വാങ്ങി പുതിയ തസ്തികകളിലേയ്ക്ക് പ്രവേശിച്ചിട്ടുണ്ടോ എന്നും, ഇവർ സ്ഥാനക്കയറ്റം സ്വീകരിക്കുന്നുണ്ടോ എന്നും പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഈ ഒഴിവുകൾ സ്ഥലംമാറ്റ സൈറ്റിൽ ഉൾപ്പെടുത്തുവാൻ പാടുള്ളൂവെന്ന് അറിയിക്കുന്നു.

താഴെ പറയുന്ന പ്രൊഫോർമയിൽ, വെബ് സൈറ്റിൽ അപ് ലോഡ് ചെയ്ത ഒഴിവുകൾ ഈ ഓഫീസിലേയ്ക്ക് മാനുവൽ ആയി ഇ-മെയിൽ ചെയ്യേണ്ടതാണ്. അച്ചടക്ക നടപടിയുടെ ഭാഗമായി/പ്രാരംഭഘട്ടമായി സ്ഥലംമാറ്റപ്പെട്ട പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഒരു കാരണവശാലും ഹയർ ഓപ്ഷൻ അപേക്ഷിക്കുവാൻ പാടുള്ളതല്ല. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശുപാർശ ചെയ്യുവാൻ പാടുള്ളതല്ല. **19.09.2024**, വൈകുന്നേരം 5 മണിക്കു മുമ്പായി മൊത്തത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ, ക്രമപ്രകാരമല്ലാത്ത അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ വിശദീകരണത്തോട് കൂടി നിരാകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തിക | ഒഴിവിന്റെ സ്വഭാവം /ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
|---|---|---|---|
| | | | |

ടി ടി ഐ കളിലെ പ്രിൻസിപ്പൽ ഒഴിവുകളിലേക്ക് എൻ സി റ്റി ഇ നിഷ്കർഷിച്ച യോഗ്യതയുള്ള ഉദ്യോഗസ്ഥർ മാത്രമേ ഹയർ ഓപ്ഷനിൽ അപേക്ഷിക്കേണ്ടതുള്ളൂ. ആയവ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും എൻ സി റ്റി ഇ നിഷ്കർഷിച്ച യോഗ്യതയില്ലാത്ത അപേക്ഷകൾ നിരസിക്കേണ്ടതുമാണ്. (**പരാമർശം (1) പ്രകാരമുള്ള സർക്കുലറിൽ ടി ടി ഐ കളിലെ പ്രിൻസിപ്പൽ ഒഴിവുകളിലേക്ക് എൻ സി റ്റി ഇ നിഷ്കർഷിച്ച യോഗ്യതയുള്ള ഉദ്യോഗസ്ഥർ മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്)**

പരാമർശം (5) പ്രകാരം സ്ഥലംമാറ്റപ്പെട്ട TTI കളിൽ പ്രിൻസിപ്പൽമാരായി തുടർന്നിരുന്നതും പരാമർശം (1) സർക്കുലർ നിർദ്ദേശം പാലിച്ച് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നതുമായ ഉദ്യോഗസ്ഥർക്ക് ഹയർ ഓപ്ഷനിൽ അപേക്ഷിക്കുവാൻ അവസരമുണ്ട് .ഇതിനായി വേണ്ട ക്രമീകരണങ്ങൾ ഓൺ ലൈൻ സൈറ്റിൽ KITE അധികൃതർ സ്വീകരിക്കേണ്ടതാണ്

ഒഴിവുകൾ യഥാവിധി അപ് ലോഡ് ചെയ്യാത്തതും, അപ് ലോഡ് ചെയ്യുന്നതിൽ അപാകത സംഭവിക്കുന്നതിലും, പ്രധാനാദ്ധ്യാപക/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം വരുന്നതും, ക്രമപ്രകാരമല്ലാതെ സ്ഥലംമാറ്റം നടക്കുകയും ചെയ്താലുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മാത്രമാണെന്ന്

ഓർമ്മപ്പെടുത്തുന്നു. ഒഴിവുകൾ അപ് ലോഡ് ചെയ്യുമ്പോൾ വേണ്ടത്ര പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഭാഷാ ന്യൂനപക്ഷ വിഭാഗം വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപക ഒഴിവുകൾ, പഞ്ചായത്ത് സ്കൂൾ പ്രധാനാദ്ധ്യാപക ഒഴിവുകൾ എന്നിവ അപ് ലോഡ് ചെയ്യേണ്ടതില്ല .

അന്തിമ ഹയർ ഓപ്ഷൻ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി 26/09/2024.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും. (ടി സർക്കുലർ താങ്കളുടെ അധികാരപരിധിയിലുള്ള എല്ലാ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും സമയബന്ധിതമായി നൽകേണ്ടതാണ്. )

2 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിനും ഓൺ ലൈൻ സൈറ്റിൽ ആവശ്യമായ ക്രമപ്പെടുത്തലുകൾ നടത്തുന്നതിനുമായി ).

3. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.